**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4782** **19-03-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യ മാർക്കറ്റുകളെ ആധുനിക മാർക്കറ്റുകളായി ഉയർത്തുന്നതിന് നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പാറശാല മണ്ഡലത്തിലെ ഏതെല്ലാം മത്സ്യ മാർക്കറ്റുകളാണ് ആധുനിക മത്സ്യ മാർക്കറ്റുകളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടെ, പാറശ്ശാല മണ്ഡലത്തിൽ പനച്ചമൂട് മത്സ്യ മാർക്കറ്റിനെയാണ് ആധുനിക മത്സ്യ മാർക്കറ്റായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത്. |
| (ബി) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് മത്സ്യ മാർക്കറ്റുകളെ ആധുനിക മത്സ്യ മാർക്കറ്റുകളായി ഉയർത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണ്; വിശദാംശം അറിയിക്കാമോ; | (ബി) | നിലവിലുള്ള മത്സ്യ മാർക്കറ്റുകൾ ആധുനിക മത്സ്യ മാർക്കറ്റുകളായി ഉയർത്തുന്നതിനായി പ്രദേശത്തെ ആവശ്യങ്ങളും സാധ്യതകളും അടിസ്ഥാനമാക്കി പഠനം നടത്തി അതിൻപ്രകാരം തയ്യാറാക്കിയ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ അംഗീകാരത്തിനും ധനാനുമതിക്കുമായി സമർപ്പിക്കുന്നു. |
| (സി) | പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; ഇതിന്റെ ഭാഗമായി എന്തൊക്കെ പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ? | (സി) | 2408.73 ച.മീറ്റർ വിസ്തൃതിയിൽ ഒരു ഇരുനില മാർക്കറ്റ് കെട്ടിടമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. രണ്ടു നിലകളിലായി മത്സ്യ വിൽപ്പനക്കായി വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ഒരു ലേല ഹാൾ, മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ചിൽ റൂം സൗകര്യം, ഒരു മൾട്ടി പർപ്പസ് ഹാൾ, ദിവസ കച്ചവടക്കാർക്കുള്ള കച്ചവട സ്ഥലം, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം റെസ്റ്റ് റൂം സൗകര്യം, ടോയ്ലെറ്റുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.<br><br>നിലവിൽ ഗ്രൗണ്ട് ഫ്ളോറിന്റെ സ്ട്രക്ച്ചറൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 2025 മെയ് മാസത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ